LIBRARY ARCHIVES Kerala Legislative Assembly

കടബാദ്ധ്യത മൂലം കർഷക ആത്മഹത്യ

103 [108] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 ജനുവരി 15 വരെ സംസ്ഥാനത്ത് എത്ര കർഷകർ കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(ബി) ഈ ഗവൺമെന്റ് വന്നതിനുശേഷം 2005 ജനുവരി വരെ എത്ര കർഷകർ കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2001 മുതൽ 2004 വരെ കടക്കെണിയിൽപ്പെട്ട് 193 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) ഈ ഗവൺമെന്റ് വന്നതിനുശേഷം കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്തിട്ടുള്ള കർഷകരുടെ വിവരം ശേഖരിച്ചുവരുന്നു.

കടബാദ്ധ്യതയാലുള്ള ആത്മഹത്യ

104 [109] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 ജനുവരി 15 വരെ സംസ്ഥാനത്ത് എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്;

(ബി) ഇതേ കാലയളവിൽ എത്ര കുടുംബങ്ങൾ കൂട്ട ആത്മഹത്യ ചെയ്തിട്ടുണ്ട്;

(സി) ഇതിൽ സാമ്പത്തിക പ്രയാസവും ബാങ്ക് ലോൺ തിരിച്ചടയ്ക്കാൻ കഴിയാത്തതുമൂലവും ആത്മഹത്യ ചെയ്തവർ എത്ര;

(ഡി) ഇതേ കാലയളവിൽ മറ്റ് കടബാദ്ധ്യതയിൽപ്പെട്ട് ആത്മഹത്യ ചെയ്ത കുടുംബങ്ങൾ എത്ര;

(ഇ) കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്ത കുടുംബങ്ങളുടെ കടബാദ്ധ്യത എഴുതിത്തള്ളാൻ നടപടി സ്വീകരിക്കുമോ?

---

† അനുബന്ധം V കാണുക.

ഉത്തരം

(എ) 34,267 പേർ.

(ബി) 95 കുടുംബങ്ങൾ.

(സി) 1,924 പേർ.

(ഡി) 16 കുടുംബങ്ങൾ.

(ഇ) ഈ കാര്യം പരിശോധിക്കുന്നതാണ്.

വണ്ണാത്തിച്ചിറയിലെ ഉരുൾപൊട്ടൽ

105 [110] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മരുതോങ്കര പഞ്ചായത്തിൽ വണ്ണാത്തിച്ചിറ എന്ന പ്രദേശത്ത് കഴിഞ്ഞ വർഷക്കാലത്ത് ഉരുൾപൊട്ടൽ ഉണ്ടായതിനെത്തുടർന്ന് ഏതാനും പേർ മരണപ്പെടുകയും വീട് തകർന്ന് പോകുകയും ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംഭവത്തെത്തുടർന്ന് സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി;

(സി) ഉരുൾപൊട്ടലിന്റെ കാരണവും, ഇനി അതിനുള്ള സാധ്യതയും സംബന്ധിച്ച് വല്ല പഠനവും നടത്തുകയുണ്ടായോ;

(ഡി) തിരുവനന്തപുരത്തെ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് എന്ന സ്ഥാപനം സംഭവത്തെത്തുടർന്ന് നടത്തിയ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടി സ്വീകരിക്കുകയുണ്ടായി?

ഉത്തരം

(എ) ഉണ്ട്.

(ബി) ദുരന്തത്തിനിരയായവരെ ക്യാമ്പുകളിലേക്ക് മാറ്റി പാർപ്പിച്ചു. മരണമടഞ്ഞ മുതിർന്നവരുടെ ആശ്രിതർക്ക് 50,000 രൂപയും കുട്ടികളുടെ രക്ഷിതാക്കൾക്ക് 15,000 രൂപ വീതവും ധനസഹായം അനുവദിച്ചു. വീടും

LIBRARY ARCHIVES Kerala Legislative Assembly